മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 ജൂൺ 23**

---

# ടൈംസ് ഹയർ എജ്യുക്കേഷൻ ഏഷ്യൻ റാങ്കിംഗ്; എം.ജി. സർവകലാശാല രാജ്യത്ത് നാലാമത്

ബ്രിട്ടനിലെ ടൈംസ് ഹയർ എജ്യുക്കേഷൻ ഗ്രൂപ്പിന്റെ പതിനൊന്നാമത് ഏഷ്യാ യൂണിവേഴ്സിറ്റി റാങ്കിംഗിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് തിളക്കമാർന്ന മുന്നേറ്റം. ഏഷ്യയിൽ 95-ാം സ്ഥാനം നേടിയ എം. ജി സർവകലാശാല രാജ്യത്ത് നാലാം സ്ഥാനത്താണ്. കഴിഞ്ഞ വർഷത്തെ റാങ്കിംഗിൽ ഏഷ്യയിൽ 139ാം റാങ്കും രാജ്യത്ത് ഒൻപതാം റാങ്കുമായിരുന്നു.

ഏഷ്യന്റ റാങ്കിംഗിൽ 48ാം സ്ഥാനത്തുള്ള ബംഗലുരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ദേശീയ തലത്തിൽ ഒന്നാം സ്ഥാനം നിലനിർത്തി. 68-ാം സ്ഥാനത്തുള്ള മൈസൂരിലെ ജെ.എസ്.എസ് അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻ ആന്റ് റിസർച്ചും 77-ാമതുള്ള ഹിമാചൽ പ്രദേശിലെ ശൂലീനി യൂണിവേഴ്സിറ്റി ഓഫ് ബയോ ടെക് നോളജി ആന്റ്ഫ് മാനേജ്മെന്റ് സ്റ്റഡീസുമാണ് രാജ്യത്ത് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ.

മാഹാത്മാ ഗാന്ധി സർവകലാശാല ഉൾപ്പെടെയുള്ള ഈ നാലു സർവകലാശാലകൾ മാത്രമാണ് പട്ടികയിൽ ആദ്യ നൂറിൽ ഇടംപിടിച്ചത്.
ആദ്യ ഇരുന്നൂറിൽ 18 ഇന്ത്യൻ സർവകലാശാലകളുണ്ടെങ്കിലും ഇവയിൽ പലതും കഴിഞ്ഞ വർഷത്തെ റാങ്കിംഗിൽനിന്ന് പിന്നോട്ടു പോയി. കഴിഞ്ഞ വർഷം ആദ്യ 200ൽ ഉൾപ്പെട്ടിരുന്ന പല ഇന്ത്യൻ സർവകലാശാലകളും ഇക്കുറി പുറത്താകുകയും ചെയ്തു.

അധ്യാപനം, ഗവേഷണം, വിജ്ഞാന കൈമാറ്റം, രാജ്യാന്തര വീക്ഷണം, സൈറ്റേഷനുകൾ, ഗവേഷണ ഫലങ്ങളുടെ വ്യവസായിക സാധ്യത പ്രയോജനപ്പെടുത്തുന്നതിലെ മികവ് തുടങ്ങി 11 ഘടകങ്ങൾ വിലയിരുത്തിയാണ് റാങ്കിംഗ് നിർണയിച്ചത്.

31 രാജ്യങ്ങളിലെ 669 സർവകലാശാലകളെ പരിഗണിച്ചു. ചൈനയിലെ തിംഗ്വാ, പീകിംഗ് സർവകലാശാലകളാണ് ഏഷ്യൻ റാങ്കിംഗിൽ തുടർച്ചയായ നാലാം വർഷവും യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങളിൽ.

ടൈംസ് ഹയർ എജ്യുക്കേഷൻ റാങ്കിംഗിൽ ശ്രദ്ധേയമായ മുന്നേറ്റം നടത്തിയ മഹാത്മാ ഗാന്ധി സർവകലാശാലയെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു അഭിനന്ദിച്ചു.

മികച്ച അക്കാദമിക് ആന്തരീക്ഷവും സമൂഹത്തിന് ഗുണകരമാകുന്ന ഗവേഷണ പ്രവർത്തനങ്ങളും ബിസിനസ് ഇൻകുബേഷൻ ഉൾപ്പെടെയുള്ള നൂതന ആശയങ്ങളുമാണ് രാജ്യാന്തര റാങ്കിംഗുകളിൽ മുന്നേറാൻ സഹായകമാകുന്നതെന്ന് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു.

(പി.ആർ.ഒ/39/695/2023)

## എം.ജി ബി.എഡ്: ട്രയൽ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ബി.എഡ് ഏകജാലക പ്രവേശനത്തിൻറെ ട്രയൽ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. അപേക്ഷ സമർപ്പിച്ചവർക്ക് ജൂൺ 26 വരെ ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും സൗകര്യമുണ്ട്.

പേര്, ആധാർ നമ്പർ, മൊബൈൽ നമ്പർ, ഇ മെയിൽ വിലാസം, പരീക്ഷാ ബോർഡ്, രജിസ്റ്റർ നമ്പർ, സംവരണ വിഭാഗം എന്നിവ ഒഴികെയുള്ള വിവരങ്ങളാണ് തിരുത്താൻ കഴിയുക.

ഇതുവരെ അപേക്ഷിക്കാൻ സാധിക്കാതിരുന്നവർക്കും ഫീസ് അടച്ച ശേഷം അപേക്ഷ നൽകാൻ കഴിയാതിരുന്നവർക്കും ജൂൺ 26 വരെ അപേക്ഷ നൽകാം.

കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിലേക്ക് അപേക്ഷിച്ചവർക്ക് ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിൽ പുതുതായി അപേക്ഷിക്കുന്നതിനും ഈ സമയപരിധിയിൽ അവസരമുണ്ട്. ഇതിന് കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ട ലോഗിൻ ഓപ്ഷനാണ് ഉപയോഗിക്കേണ്ടത്.

(പി.ആർ.ഒ/39/696/2023)

## ഹ്രസ്വകാല റെഗുലർ കോഴ്സുകൾ; പ്ലസ് ടു വിജയിച്ചവർക്ക് അവസരം

മഹാത്മാ ഗാന്ധി സർവകലാശാല നടത്തുന്ന ഹ്രസ്വകാല റെഗുലർ ഫുൾ ടൈം പ്രോഗ്രാമുകളിലേക്ക് പ്ലസ് ടൂ വിജയിച്ചവർക്ക് ജൂൺ 30 വരെ അപേക്ഷ നൽകാം.

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട് ടേം പ്രോഗ്രാംസ് (ഡി.എ.എസ്.പി) നടത്തുന്ന ഡിപ്ലോമ ഇൻ ബേക്കറി ആൻറ് കോൺഫെക്ഷനറി, ഡിപ്ലോമ ഇൻ

ഫുഡ് ആൻറ് ബിവറേജ് സർവീസ് ഓപ്പറേഷൻസ്, ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് -സപ്ലൈ ചെയിൻ ആൻറ് പോർട്ട് മാനേജ്മെൻറ് എന്നിവയാണ് കോഴ്സുകൾ.

പ്രായപരിധിയില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.dasp.mgu.ac.in)
ഇ മെയിൽ- dasp@mgu.ac.in ഫോൺ- 8078786798.

(പി.ആർ.ഒ/39/697/2023)

## പരീക്ഷാ കേന്ദ്രം

ജൂൺ 27ന് ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്ററുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ - എം.എ, എം.എസ്.സി, എം.കോം(2016,2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകളുടെ പരീക്ഷാ കേന്ദ്രം സംബന്ധിച്ച വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത സെൻററിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി പരീക്ഷാ കേന്ദ്രമായി അനുവദിച്ച കോളജിൽ പരീക്ഷയ്ക്ക് ഹാജരാകണം.

(പി.ആർ.ഒ/39/698/2023)

## പരീക്ഷാ ടൈംടേബിൾ

രണ്ടാം സെമസ്റ്റർ യു.ജി (സി.ബി.സി.എസ്.എസ് - 2015,2016 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്), രണ്ടാം സെമസ്റ്റർ ബി.എസ്.സി സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ് - 2015 മുതൽ 2018 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയോടൊപ്പം കൂടുതൽ പേപ്പറുകൾ ഉൾപ്പെടുത്തി. പരീക്ഷകൾ ജൂലൈ 26, 31 തീയതികളിൽ നടക്കും. ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ

(പി.ആർ.ഒ/39/699/2023)

## വൈവ വോസി

പ്രൈവറ്റ് രജിസ്ട്രേഷൻ നാലാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ് - മെയ് 2023 പരീക്ഷയുടെ(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) വൈവ വോസി പരീക്ഷ ജൂൺ 30ന് ചങ്ങനാശേരി, എൻ.എസ്.എസ് ഹിന്ദു കോളജിൽ നടക്കും. വിദ്യാർഥികൾ ഹാൾടിക്കറ്റുമായി പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകണം. ടൈംടേബിൾ വെബ്സൈറ്റിൽ.

......................

പ്രൈവറ്റ് രജിസ്ട്രേഷൻ നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് - മെയ് 2023 പരീക്ഷയുടെ(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) വൈവ വോസി പരീക്ഷ ജൂലൈ 11ന് ആലുവ, യു.സി കോളജിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/700/2023)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എം.എസ്.സി ഇൻഡസ്ട്രിയൽ കെമിസ്ട്രി - മാർച്ച് 2023 പരീക്ഷയുടെ(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ മൂന്നു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/701/2023)

## പരീക്ഷാ ഫലം

2023 ജനുവരിയിൽ നടത്തിയ എം.ബി.എ ഒന്നാം സെമസ്റ്റർ(റഗുലർ, റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം ജൂലൈ എട്ടു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/702/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**